പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3360 — 18.2.2013-ൽ മറുപടിക്ക്

## സഞ്ചരിക്കുന്ന മാലിന്യ സംസ്കരണ യന്ത്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, ലൂഡി ലൂയിസ്<br>,, സി.പി. മുഹമ്മദ്<br>,, വി.ഡി. സതീശൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് നഗരങ്ങളിൽ സഞ്ചരിക്കുന്ന മാലിന്യസംസ്കരണ യന്ത്രങ്ങളുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. തിരുവനന്തപുരം നഗരത്തിലെ മാലിന്യ സംസ്ക്കരണത്തിനുള്ള താൽക്കാലിക സംവിധാനമായി ഒരു മൊബൈൽ ഇൻസിനറേറ്റർ വാങ്ങി. 4.11.2012 മുതൽ പാളയം ചന്തയ്ക്ക് സമീപത്തും 10.11.2012 മുതൽ കിഴക്കേകോട്ടയിലെ പ്രിയദർശിനി പാർക്കിന് സമീപത്തുമായി പ്രവർത്തനം നടത്തിവരുന്നു. |
| ബി) | ഇതിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ് ; വിശദമാക്കുമോ ; | ബി) | തലസ്ഥാനത്തിന്റെ മാലിന്യ പ്രശ്നം കണക്കിലെടുത്ത് ഒരു താൽക്കാലിക പരിഹാരമെന്ന നിലയിലാണ് മണിക്കൂറിൽ 0.5 ടൺ മുതൽ 1 ടൺ വരെയുള്ള മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള ഈ ഇൻസിനറേറ്റർ ഉപയോഗപ്പെടുത്തി വരുന്നത്. ദിവസവും 5 മുതൽ 10 മണിക്കൂർ വരെ ഇത് പ്രവർത്തനം നടത്തുന്നുണ്ട്. |
| സി) | എന്തെല്ലാം കാര്യങ്ങളാണ് ഇത് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | സി)<br>&<br>ഡി) | ഏതെങ്കിലും സ്ഥലത്ത് മാലിന്യം പതിവിലും കവിഞ്ഞ് ഉണ്ടാകുന്ന (പൊങ്കാല മുതലായവ) അവസരങ്ങളിൽ ഈ യന്ത്രം അവിടെ എത്തിച്ച് മാലിന്യങ്ങൾ അവിടെ വച്ചുതന്നെ സംസ്കരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | | |

സെക്ഷൻ ഓഫീസർ